

# അഗതികുടുംബങ്ങളിലെ വയോജനങ്ങൾക്കുള്ള പ്രത്യേക സഹായം

കേരളത്തിലുള്ള അഗതി കുടുംബങ്ങളിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരുൾപ്പെടുന്ന ഒരുലക്ഷത്തിലധികം വരുന്ന കുടുംബങ്ങളെ ഫോൺ വിളിച്ച് അവർക്ക് ആവശ്യമുള്ള സൗകര്യങ്ങൾ ലോക് ഡൗൺ കാലത്ത് ചെയ്തുകൊടുക്കുന്ന കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് Making an Impact 214 ൽ വ്യക്തമാക്കിയിരുന്നുവല്ലോ. കൂടാതെ Making an Impact 232 ൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഭാഗമാകുന്ന റിസോഴ്സ് പേഴ്സന്റെ അനുഭവക്കുറിപ്പും നൽകിയിരുന്നുവല്ലോ. കേരളത്തിലെ 14 ജില്ലകളിലുമുള്ള 2176 റിസോഴ്സ് പേഴ്സൺമാരുടെ സഹായത്തോടുകൂടി കുടുംബശ്രീയുടെ ജില്ലാ പ്രോഗ്രാം മാനേജർമാരുടെ മേൽനോട്ടത്തിൽ സിഡിഎസിന്റെ പൂർണ്ണമായ ഏകോപനത്തോടുകൂടിയാണ് ഈ പ്രവർത്തനം നടത്തി വരുന്നത്. കൊറോണ വൈറസ് വ്യാപനത്തിന്റെ ബുദ്ധിമുട്ടുകൾ നേരിടുന്ന കാലത്ത് ഏറ്റവും മികച്ച സാമൂഹ്യ പ്രവർത്തനങ്ങളിൽ ഒന്നായി ഇത് മാറി എന്നുള്ളതും അനേകം പേരുടെ ജീവിതത്തിൽ സഹായം നൽകാൻ ഈ പ്രവർത്തനത്തിലൂടെ സാധിച്ചു എന്നതും ഏറെ സന്തോഷമേകുന്നു.

60 വയസ്സിനു മുകളിൽ പ്രായമുള്ളവരുൾപ്പെടുന്ന അഗതി കുടുംബങ്ങളെ ഞങ്ങൾ നാല് ഘട്ടങ്ങളിലായാണ് ബന്ധപ്പെട്ടത്. മൂന്നു ദിവസം കൂടുമ്പോൾ ഒരിക്കൽ വിളിക്കണം

എന്നാണ് ആദ്യം തീരുമാനിച്ചിരുന്നതെങ്കിലും പിന്നീട് അത് അഞ്ച് ദിവസത്തിലൊരിക്കൽ എന്ന രീതിയിലേക്ക് മാറ്റി. ഏപ്രിൽ നാല് മുതൽ എട്ടുവരെയുള്ള ആദ്യത്തെ അഞ്ചു ദിവസം 1,14,339 പേരിൽ 97.5 ശതമാനം പേരെയും വിളിക്കാൻ ഞങ്ങളുടെ റിസോഴ്സ് പേഴ്സൺമാരുടെ ടീമിന് കഴിഞ്ഞു. ഏപ്രിൽ 9 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ 95.2 ശതമാനം പേരെയും ഫോൺ വഴി ബന്ധപ്പെട്ടു. ഏപ്രിൽ 14 മുതൽ 18 വരെയുള്ള അഞ്ച് ദിവസം 95 ശതമാനം പേരേയും ഏപ്രിൽ 19 മുതൽ 22 വരെയുള്ള നാലാം ഘട്ടം 94.98 ശതമാനം പേരെയും റിസോഴ്സ് പേഴ്സൺമാർ ബന്ധപ്പെട്ടു. ആവശ്യങ്ങൾ എന്തെങ്കിലുമുണ്ടായാൽ മടികൂടാതെ റിസോഴ്സ് പേഴ്സൺമാരെ ഫോൺ ചെയ്യാനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇങ്ങനെ അഗതി കുടുംബങ്ങളുമായി ബന്ധപ്പെട്ടപ്പോൾ കമ്മ്യൂണിറ്റി കിച്ചണുകളിൽ നിന്ന് ഭക്ഷണം ആവശ്യമുണ്ടെന്ന് അറിയിച്ച 5498 പേർക്ക് ഭക്ഷണവും മരുന്നിന്റെ വേണമെന്ന് അറിയിച്ച 4559 പേർക്ക് അതും ലഭ്യമാക്കാൻ സാധിച്ചു. 3623 പേർക്ക് ആരോഗ്യസേവനങ്ങളും നൽകി. ഇതുകൂടാതെ പതിനായിരക്കണക്കിന് അഗതി കുടുംബങ്ങൾക്ക് ഈ ലോക് ഡൗൺ കാലത്തെ ഏകാന്ത ജീവിതത്തിൽ സന്തോഷവും സമാധാനവും ആവശ്യമായ പിന്തുണയും നൽകാൻ കഴിഞ്ഞുവെന്നത് ഞങ്ങൾക്ക് ഏറെ സന്തോഷമേകുന്നു.

അഗതി കുടുംബങ്ങളെ ഇങ്ങനെ നേരിട്ട് ബന്ധപ്പെട്ടത് അവർക്ക് ഏറെ സന്തോഷവും സമാധാനവുമേകി. ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ട് അഗതി കുടുംബങ്ങളെ നേരിട്ട് ബന്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയും ഞങ്ങൾ ആവിഷ്കരിക്കുന്നുണ്ട്.